**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 115** **08-12-2022 - ൽ മറുപടിയ്ക്ക്**

**ആഴക്കടൽ മത്സ്യബന്ധനത്തിന് നൂതന സാങ്കേതിക വിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തീരക്കടലിൽ മത്സ്യ ലഭ്യത കുറഞ്ഞ് വരികയും കേന്ദ്ര സർക്കാർ ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് അനുമതി നൽകുന്നതുവഴി അവ ആഴക്കടലിൽ നിന്ന് മത്സ്യക്കുഞ്ഞുങ്ങളെ ഉൾപ്പെടെ പിടിച്ചെടുക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ പദ്ധതിയുണ്ടോ; | (എ) | ഉണ്ട്. പരമ്പരാഗത മത്സ്യ ത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യ ബന്ധനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധന സഹായത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി പുരോഗമിച്ച് വരുന്നു. ഈ പദ്ധതി പ്രകാരം 48 ലക്ഷം രൂപയാണ് (40%) കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി ഒരു ബോട്ടിന് സബ്സിഡിയായി നൽകുന്നത്. ഇതിൽ കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപയും (24%) സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപയും (16%) ആണ്. കൂടാതെ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി നൽകും. ലോംഗ് ലൈൻ, ഗിൽനെറ്റർ എന്നീ മത്സ്യബന്ധന രീതികൾക്ക് അനുയോജ്യമായ ആഴക്കടൽ ബോട്ടുകളാണ് നൽകുന്നത്. 150 ലക്ഷം രൂപ യൂണിറ്റ് വില വരുന്ന ടി ബോട്ടുകളുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ് യാർഡിൽ പുരോഗമിക്കുന്നു.<br><br>പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഫിഷറീസ് പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ 10 പരമ്പരാഗത മത്സ്യത്തൊഴിലാളികളടങ്ങുന്ന ജോയിന്റ് ലയബിലിറ്റി/ സ്വയം സഹായ സംഘങ്ങൾക്കാണ് ബോട്ടുകൾ അനുവദിക്കുന്നത് . |
| (ബി) | ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നിർമ്മിച്ച് നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിന് അനുകൂല പ്രതികരണം ലഭിച്ചിട്ടുണ്ടോ; | (ബി) | ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 എണ്ണം നിർമ്മിച്ച് നൽകുന്നതിന് ഉഡുപ്പി കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ് - ന് 21/10/2022 -ന് ലെറ്റർ ഓഫ് ഇന്റന്റ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആഴക്കടൽ മത്സ്യബന്ധനത്തിന് നോർവീജിയൻ സാങ്കേതികവിദ്യയുടെ വളർച്ച സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നോർവീജിയൻ വിദഗ്ദ്ധ സംഘവുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ആഴക്കടൽ മത്സ്യബന്ധനത്തിന് നോർവീജിയൻ സാങ്കേതിക വിദ്യകൾ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നോർവീജിയൻ വിദഗ്ധ സംഘവുമായി ആശയവിനിമയം നടത്തുകയും ആയതിനായി നോർവേ മാതൃകയിൽ ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും നോർവേ മാതൃകയിലുള്ള ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ കേരളത്തിൽ മത്സ്യഫെഡ് സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ